സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

ദേവസ്വം സ്ട്രോംഗ് റൂം ഗാർഡുകളുടെ തസ്തികമാറ്റം - ഫൈനൽ നോട്ടിഫിക്കേഷനുണ്ടായ കാലതാമസം മൂലം ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിന് മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 8031/01/Est-2** നന്തൻകോട്, **06/02/2016**

---

പരാമർശം :-
1. 28-04-2005 ലെ മേൽ നമ്പർ വിജ്ഞാപനം.
2. 24-02-2015 ലെ മേൽ നമ്പർ വിജ്ഞാപനം.
3. 29-05-2015 ലെ മേൽ നമ്പർ ഉത്തരവ്.
4. ദേവസ്വം കമ്മീഷണറുടെ 14-10-2015 ലെ ROC 9711/2015/Est നമ്പർ റിപ്പോർട്ട്.
5. 23-11-2015 ലെ മേൽ നമ്പർ ഉത്തരവ്.
6. ദേവസ്വം കമ്മീഷണറുടെ 04-12-2015 ലെ ROC 9711/2015/Est (A) നമ്പർ പ്രൊസീഡിംഗ്സ്.
7. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ 20-11-2015 ലെ അപേക്ഷ.
8. 16-12-2015 ലെ മേൽ നമ്പർ ഉത്തരവ്.
9. ദേവസ്വം കമ്മീഷണറുടെ 22-01-2016 ലെ ROC 9711/2015/Est (A) നമ്പർ റിപ്പോർട്ട്.
10. ലാ ആഫീസറുടെ 30-01-2016 ലെ അഭിപ്രായം.

## ഉത്തരവ്

തുരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ട്രോംഗ് റൂം ഗാർഡ് വിഭാഗത്തിലുള്ളവർക്ക് ലോവർ ഡിവിഷൻ ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികകളിൽ പ്രതിവർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 5 % തസ്തികമാറ്റത്തിന് നീക്കിവച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം ദേവസ്വം ബോർഡ് പുറപ്പെടുവിച്ചിരുന്നു (പരാമർശം - ഒന്ന്). ആയതിന്റെ അന്തിമ വിജ്ഞാപനം പരാമർശം (രണ്ട്) പ്രകാരവും പുറപ്പെടുവിച്ചു. അന്തിമ വിജ്ഞാപനത്തെ തുടർന്ന് ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി (പരാമർശം - മൂന്ന്). തുടർന്ന് സ്ട്രോംഗ് റൂം ഗാർഡ്കളുടെ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (നാല്) പ്രകാരം ലഭിക്കുകയും ലിസ്റ്റ് അംഗീകരിച്ചുകൊണ്ടും ആയതിൽ നിന്നും നിയമാനുസരണം തസ്തികമാറ്റം നൽകുന്നതിന് നിർദ്ദേശിച്ചും ഉത്തരവ് നൽകി (പരാമർശം - അഞ്ച്). അതനുസരിച്ച് മൂന്ന് സ്ട്രോംഗ് റൂം ഗാർഡുകൾക്ക് തസ്തികമാറ്റം നൽകി (പരാമർശം - ആറ്).

സ്ട്രോംഗ് റൂം ഗാർഡുകളുടെ തസ്തികമാറ്റം സംബന്ധിച്ച് പരാമർശം (ഏഴ്) പ്രകാരം ലഭിച്ച അപേക്ഷയിൽ സ്ട്രോംഗ് റൂം ഗാർഡുകൾക്ക് 2006 നു ശേഷം തസ്തികമാറ്റം നൽകിയിട്ടില്ല എന്നും ആയതിനാൽ 2006 മുതലുള്ള ഒഴിവുകൾ കണക്കാക്കി അർഹമായ ആനുകൂല്യം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

ടി അപേക്ഷയിന്മേൽ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു (പരാമർശം -എട്ട്). അതിൻപ്രകാരം പരാമർശം (ഒൻപത്) ആയി ലഭിച്ച റിപ്പോർട്ടിൽ പരാമർശം (1) വിജ്ഞാപനം 31-05-2005 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്നും എന്നാൽ അന്തിമ വിജ്ഞാപനം പത്ത് വർഷത്തിന് ശേഷം 14-04-2015 ലാണ് പ്രസിദ്ധ

(മറുപുറം)

പ്പെടുത്തിയിരിക്കുന്നതെന്നും, തന്മൂലം ടി കാലയളവിൽ ഉണ്ടായ ഒഴിവുകളിലേക്ക് തസ്തികമാറ്റം സ്ട്രോംഗ് റൂം ഗാർഡുകൾക്ക് നഷ്ടപ്പെട്ടിട്ടുള്ള താണെന്നും പ്രാഥമിക വിജ്ഞാപനം നടത്തി ഒരു മാസത്തിനുള്ളിൽ ആക്ഷേപങ്ങൾ ഒന്നും ലഭിച്ചിട്ടില്ലായെങ്കിൽ ടി ചട്ടങ്ങൾക്ക് പ്രാബല്യം നൽകാവുന്നതാണെന്നും വിവരിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിന്മേൽ ലാ ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ (പരാമർശം - ഏഴ്) ദേവസ്വം കമ്മീഷണറുടെ അഭിപ്രായത്തോട് യോജിപ്പ് അറിയിക്കുക യുണ്ടായി (പരാമർശം - പത്ത്).

ഇക്കാര്യം ബോർഡ് സസൂക്ഷ്മം പരിശോധിച്ചു. 31-05-2005 -ൽ പ്രാഥമിക വിജ്ഞാപനം നടത്തിയെങ്കിലും അന്തിമ വിജ്ഞാപനം 14-04-2015 -ൽ ആണ് നടത്തിയതെന്നും ഇതുമൂലം ടി കാലയളവിൽ ലോവർ ഡിവിഷൻ ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികകളിൽ ഉണ്ടായ ഒഴിവുകളിലെ നിശ്ചിത ശതമാനം തസ്തികയിലേക്കുള്ള തസ്തികമാറ്റം സ്ട്രോംഗ് റൂം ഗാർഡുകൾക്ക് നഷ്ടപ്പെട്ടു എന്നത് ശരിയാണെന്ന് കണ്ട് ദേവസ്വം കമ്മീഷണറുടെ ശുപാർശ പ്രകാരം സ്ട്രോംഗ് റൂം ഗാർഡുകൾക്ക് 01-07-2005 മുതൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ കണക്കിലെടുത്ത് തസ്തികമാറ്റം നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

6/2/16

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

SK